# കാത്തിരിപ്പ്

കാത്തിരിക്കുന്നു ഞാൻ,
ഉള്ളിലെ സ്വപ്നങ്ങൾ പൂവണിയാൻ
കൊടുങ്കാറ്റു വീശിയാലും കാത്തിരിക്കും
എൻ സ്വപ്നങ്ങൾ വിരിയാൻ
എങ്ങോ മറന്നുപോയുള്ളിൽ കിടക്കുന്ന
ആശയെ ഞാനെന്നും കാത്തിരിക്കും..

**നയന ഹഖ്,** ക്ലാസ് 7
എ.യു.പി.എസ്, പനമ്പാട്



# കാവിന്റെ മരണം

വേനലവധിയുടെ ഒന്നാം ദിവസം. ഒരു വിനോദയാത്രക്കുള്ള തയ്യാറെടുപ്പിലാണ് ജോണും സാലിമും. അവർ പോകുന്നത് കാവിലേക്കാണ്. ഓരോ വേനലവധിയിലും അവർ പോവാറുള്ളതാണ്. എങ്കിലും രണ്ട് വർഷമായി ഈ യാത്ര നിലച്ചിരിക്കുന്നു. അതുകൊണ്ടാണ് പട്ടണത്തിലെ ജോലിത്തിരക്കുകൾ കഴിഞ്ഞപ്പോൾ തീർച്ചയായും പോവാൻ അവർ തീരുമാനിച്ചത്. രാവിലെ ഒമ്പതുമണിക്കാണ് പോകുന്നത്. കാവിലെ ഓർമകൾക്ക് പാടെ മങ്ങലേറ്റിരിക്കുന്നു.

അങ്ങനെ അവർ യാത്രക്ക് തയ്യാറായി. കാറിലാണ് പോകുന്നത്. യാത്ര തുടങ്ങി. ഇപ്പോൾ അവർ വിജനമായി ഒരു സ്ഥലത്താണ് നിൽക്കുന്നത്. അൽപം വിശ്രമിച്ചിട്ട് യാത്ര തുടരാൻ ആഗ്രഹിച്ചെങ്കിലും അവിടെ അതിന് പറ്റിയ സ്ഥലമല്ല എന്നു തോന്നിയതോടെ അവർ അവിടെ വിട്ടു.യാത്ര വേഗത്തിലാക്കി.

കാവിനടുത്തെത്തിയപ്പോൾ അവർ വണ്ടി നിറുത്തി. പട്ടണത്തിനടുത്താണ് ആ പ്രദേശം. ധാരാളം മരങ്ങൾ നിറഞ്ഞ അവിടെ കാണാൻ നല്ല ഭംഗിയായിരുന്നു. അവിടെ വന്നിരുന്ന് കൂട്ടുകാരുമൊത്ത് സംസാരിച്ചിരിക്കാൻ പറ്റിയ നല്ല തണലുള്ള സ്ഥലമായിരുന്നു. എന്നാൽ ഇപ്പോൾ കണ്ടപ്പോൾ സാലിം ശരിക്കും ഞെട്ടിപ്പോയി. ആകെ നാല് മരങ്ങൾ. നിറയെ ബിൽഡിംഗുകൾ. പക്ഷികളെല്ലാം എങ്ങോ അപ്രത്യക്ഷമായിരിക്കുന്നു. ഒരു കുരുവി മാത്രം അവിടെ അങ്ങോട്ടുമിങ്ങോട്ടും പറന്നു നടക്കുന്നു.

അവരുടെ കുട്ടിക്കാലം ഓടി നടന്നിരുന്ന സ്ഥലത്തിന്റെ അവസ്ഥ കണ്ട് അവരുടെ നെഞ്ച് പിടഞ്ഞു.

**മശ്ബൂബ്. കെ,** ക്ലാസ് 7
റഹ്മാനിയ ഹയർസെക്കന്ററി സ്കൂൾ, മേപ്പാടം



**സിമ്ന പി**
ക്ലാസ്- 1, അൽ മദ്രസത്തുൽ ഇസ്ലാമിയ, വാണിയമ്പലം



**ഷംന കെ**
ക്ലാസ്- 7, എം.എം.ഇ.ടി.എച്ച്.എസ്.എസ്
മേൽമുറി, മലപ്പുറം

# സ്വാതന്ത്ര്യം

സ്വാതന്ത്ര്യം എന്ന വിഷയം ഏറ്റവും ശക്തമായി ആവിഷ്ക്കരിക്കപ്പെട്ട ഒരു കവിത മഹാകവി വള്ളത്തോൾ എഴുതിയിട്ടുണ്ട്. അതിലെ വരികളാണ് 'ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ' എന്നത്. ഹാജറ ഫസീലയുടെ 'സന്തോഷം' എന്ന കവിത വായിക്കുമ്പോൾ വള്ളത്തോളിന്റെ വരികൾ ഓർത്തു പോകുന്നു. നിഷ്കളങ്കതകൊണ്ടും കാവ്യഭംഗികൊണ്ടും നല്ലൊരു അനുഭവമാണ് ഇത്.




'കാവിന്റെ മരണം' എന്ന കുറിപ്പ് പ്രകൃതി നാശം നമ്മുടെ ജീവിതസന്തോഷങ്ങളെ എങ്ങനെയെല്ലാം ഇല്ലാതാക്കുന്നു എന്ന് സാക്ഷീകരിക്കുന്നു. വലിയ എയർകണ്ടീഷൻ കെട്ടിടങ്ങളും അത്യാധുനിക ആഡംബരങ്ങളും മാത്രമാണോ നമുക്ക് ആഹ്ലാദം നൽകുന്നത്? മരക്കാടുകൾക്കിടയിൽ ഇത്തിരി നേരം ഇരുന്ന് കിളികളുടെ പാട്ടു കേൾക്കുന്നത് അതിനേക്കാൾ ആനന്ദകരല്ലേ? ഈ അനുഭവക്കുറിപ്പ് നമ്മുടെ നേരെ ഈ ചോദ്യം ഉന്നയിക്കുന്നു.

**സസ്നേഹം**
**മാഷ്**



**നിസവ മൈസൽ**
ക്ലാസ്- 5, ഫിനിക്സ് പബ്ലിക് സ്കൂൾ



**ഷെസ**
ക്ലാസ്- 4, ഐഡിയൽ പബ്ലിക് സ്കൂൾ, കുറ്റ്യാടി

# സന്തോഷം

പെട്ടിയിൽ കണ്ട
തത്തക്കുഞ്ഞിൻ
ഓമനമുഖം
എന്നിൽ നിറയുന്നു.

അന്നേരം ഞാനാ
തത്തക്കുഞ്ഞിനെ
കൂടു തുറന്ന് പറത്തി.

എന്റെ സങ്കടമല്ല,
തത്തക്കുഞ്ഞിൻ സന്തോഷമാണ്
ഏറ്റവും വലുതെന്ന് തോന്നി.

**ഹാജറ ഫസീല എം,** ക്ലാസ് 6
ഗേൾസ് ഹൈസ്കൂൾ, ചേളന്നൂർ